100 വർഷങ്ങൾ
നാല് തലമുറകൾ

www.keralakaumudi.com
news@keralakaumudi.com
help desk @ 9645089898
Fax: 3078979

3 സെപ്തംബർ 2011
1187 ചിങ്ങം 18 ശനി
തിരുവനന്തപുരം
പേജ് 14, വില ₹ 4.00

പ്രാദേശികം
ഐസ്ക്രീം കേസ്
സി.ബി.ഐക്ക്
വിടാൻ ഹർജി 7

ബിസിനസ്
വിദേശ
നിക്ഷേപകർ
പിന്മാറുന്നു 4

കായികം
അർജന്റീനയ്ക്ക്
ഒരുഗോൾ
ജയം

Founder Editor : K. Sukumaran B. A.

കേരളകൗമുദി

തിരുവനന്തപുരം | കൊല്ലം | പത്തനംതിട്ട | ആലപ്പുഴ | കോട്ടയം | കൊച്ചി | തൃശൂർ | കോഴിക്കോട് | കണ്ണൂർ | ബാംഗ്ലൂർ

യുവജനങ്ങളുടെ അഭിപ്രായം ആരായും

പെൻഷൻപ്രായം: സർക്കാരിന് തുറന്ന മനസ്സെന്ന് മന്ത്രി മാണി

തിരുവനന്തപുരം: സർക്കാർ ജീവനക്കാരുടെ പെൻഷൻപ്രായം ഉയർത്തണോ വേണ്ടയോ എന്ന കാര്യത്തിൽ സർക്കാരിന് തുറന്ന മനസ്സാണെന്ന് ധനകാര്യമന്ത്രി കെ.എം. മാണി വ്യക്തമാക്കി.

യുവജനങ്ങളുടെ അഭിപ്രായം കൂടി ആരായുകയും ജോലിസാദ്ധ്യതകൾ വർദ്ധിപ്പിക്കുകയും ചെയ്തശേഷമേ പെൻഷൻപ്രായം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊള്ളുകയുള്ളൂവെന്നും അദ്ദേഹം വാർത്താസമ്മേളനത്തിൽ പറഞ്ഞു.

യുവജന സംഘടനകളുടെയും പൊതുജനങ്ങളുടെയും നിലപാട് അറിയാൻ അവരുമായി ചർച്ച നടത്തും. പെൻഷൻ പ്രായം കൂട്ടുന്നതിനെപ്പറ്റി സർക്കാർ ഇതുവരെ അന്തിമ തീരുമാനവുമെടുത്തിട്ടില്ല. പെൻഷൻ പ്രായം കൂട്ടണമോ വേണ്ടയോ എന്ന് അഭിപ്രായമുണ്ടായപ്പോൾ മന്ത്രിസഭ ചർച്ചചെയ്ത ശേഷം എല്ലാവരുടെയും നിലപാട് അറിയാൻ ഒരു ഉപസമിതിയെ നിയോഗിച്ചു. അതിന്റെ അടിസ്ഥാനത്തിലാണ് താൻ കൺവീനറായ ഉപസമിതി വ്യാഴാഴ്ച ജീവനക്കാരുടെ സംഘടനാപ്രതിനിധികളുമായി ചർച്ച നടത്തിയത്. ഈ ചർച്ചയിൽ ഉണ്ടായ അഭിപ്രായങ്ങൾ മന്ത്രിസഭയെ അറിയിച്ചിട്ടുണ്ട്. മുൻ സർക്കാർ വിരമിക്കൽ പ്രായം ഏകീകരിച്ചത് ഒരുപാട് പേരുടെ പ്രൊമോഷൻ സാദ്ധ്യത നഷ്ടപ്പെടുത്തി. എന്തായാലും പെൻഷൻ പ്രായം കൂട്ടുന്ന കാര്യത്തിൽ പക്വമായ തീരുമാനമേ സർക്കാർ സ്വീകരിക്കുകയുള്ളൂ-മാണി പറഞ്ഞു.

പൊതുമേഖലാ സ്ഥാപനങ്ങളിൽ അപകടത്തിനിരയാവുന്ന ജീവനക്കാരന്റെ ആശ്രിതർക്കുള്ള സാമ്പത്തികസഹായ പദ്ധതിയുടെ ആദ്യ ആനുകൂല്യം മന്ത്രി മാണി ഇന്നലെ വിതരണം ചെയ്തു.

അമേരിക്കൻ ഉദ്യോഗസ്ഥർ എന്നെയും കണ്ടു - ഉമ്മൻചാണ്ടി



കേരളകൗമുദി - ഫ്ളാഷ്

റെയിൽവേ വികസന സെമിനാർ ഇന്ന്

തിരുവനന്തപുരം: കേരളത്തിലെ റെയിൽവേയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി കേരളകൗമുദിയും ഫ്ളാഷും ചേർന്ന് സംഘടിപ്പിക്കുന്ന സംസ്ഥാന തല റെയിൽവേ വികസന സെമിനാർ ഇന്ന് രാവിലെ 10.30ന് പ്രസ് ക്ളബിലെ ഫോർത്ത് എസ്റ്റേറ്റ് ഹാളിൽ നടക്കും.

സംസ്ഥാനത്ത് റെയിൽവേയുടെ ചുമതലയുള്ള മന്ത്രി ആര്യാടൻ മുഹമ്മദ് സെമിനാർ ഉദ്ഘാടനം ചെയ്യും. എം.പിമാരായ ശശി തരൂർ, എ. സമ്പത്ത്, മുൻ കേന്ദ്ര റെയിൽവേ മന്ത്രി ഒ. രാജഗോപാൽ, മുൻ മന്ത്രി എം. വിജയകുമാർ, റെയിൽവേ ബോർഡ് മുൻ ചെയർമാൻ എം.എൻ. പ്രസാദ്, റെയിൽവേ കോൺട്രാക്ടേഴ്സ് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് കലഞ്ഞൂർ മധു, റെയിൽവേ ഉന്നതോദ്യോഗസ്ഥർ, പാസഞ്ചേഴ്സ് അസോസിയേഷൻ നേതാക്കൾ തുടങ്ങിയവർ പങ്കെടുക്കും.

10.30 ന് പ്രസ് ക്ളബിലെ ഫോർത്ത് എസ്റ്റേറ്റ് ഹാളിൽ

പൊതുജനങ്ങൾക്കും യാത്രക്കാർക്കും ചർച്ചയിൽ പങ്കെടുക്കാം. ചർച്ചയിൽ ഉരുത്തിരിയുന്ന നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കേരളകൗമുദി ക്രോഡീകരിച്ച് ഈ മാസം 19ന് തിരുവനന്തപുരത്ത് കേന്ദ്ര റെയിൽവേ മന്ത്രി ദിനേശ് ത്രിവേദിയുടെ സാന്നിദ്ധ്യത്തിൽ നടക്കുന്ന ഉന്നതതല യോഗത്തിൽ സമർപ്പിക്കും.

രാജകുടുംബത്തോട് സുപ്രീംകോടതി

കേസ് നടക്കുന്നത് ദേവപ്രശ്നക്കാർക്കു മുന്നിലോ അതോ കോടതിയിലോ?

അടിക്കടി നിലപാടു മാറ്റുന്നത് ശരിയല്ലെന്നും വിമർശനം

ന്യൂഡൽഹി: അമൂല്യനിധി കണ്ടെത്തിയ ശ്രീ പദ്മനാഭസ്വാമി ക്ഷേത്രത്തിന്റെ സുരക്ഷ സംബന്ധിച്ച കേസിൽ രാജകുടുംബത്തിന് സുപ്രീംകോടതിയുടെ വിമർശനം. നിധിയുടെ മൂല്യനിർണയവും സുരക്ഷയും ദേവപ്രശ്നത്തെ ആസ്പദമാക്കിയാവണമെന്ന രാജകുടുംബത്തിന്റെ വാദമാണ് വിമർശനത്തിന് വിധേയമായത്. കേസ് നടക്കുന്നത് കോടതിയിലാണോ അതോ ദേവപ്രശ്നം നടത്തുന്നവർക്കു മുന്നിലാണോ എന്ന് കോടതി ആരാഞ്ഞു. തങ്ങൾ നിയോഗിച്ച വിദഗ്ദ്ധ സമിതിയിൽ രാജകുടുംബത്തിന് വിശ്വാസമില്ലേ എന്ന് ചോദിച്ച കോടതി അടിക്കടി നിലപാടു മാറ്റുന്നത് ശരിയല്ലെന്നും പറഞ്ഞു.

നേരത്തെ രാജകുടുംബത്തിന്റെ ഹർജി പരിഗണിച്ചുകൊണ്ടാണ് മൂല്യനിർണയം, സുരക്ഷ എന്നിവ തീരുമാനിക്കാൻ കോടതി വിദഗ്ദ്ധ സമിതിയെ നിയോഗിച്ചതെന്ന് ജസ്റ്റിസുമാരായ ആർ.വി. രവീന്ദ്രൻ, എ.കെ. പട്നായിക് എന്നിവരടങ്ങിയ ബെഞ്ച് ചൂണ്ടിക്കാട്ടി. ദേവപ്രശ്ന വിധിയെ മാനിക്കണമെന്നും വീഡിയോ ചിത്രീകരണം പാടില്ലെന്നും ബി നിലവറ തുറക്കരുതെന്നും ചൂണ്ടിക്കാട്ടി രാജകുടുംബം വീണ്ടും ഹർജി നൽകിയിരിക്കുകയാണ്. സുരക്ഷയുടെ കാര്യത്തിൽ കോടതിക്ക് ഉത്കണ്ഠയുണ്ട്. സുരക്ഷ ഉറപ്പാക്കാൻ ദേവപ്രശ്നം സഹായിക്കില്ല. എന്നാൽ ആചാരങ്ങളിൽ കൈകടത്താനും ഉദ്ദേശിക്കുന്നില്ല. മതവികാരങ്ങളും ക്ഷേത്രാചാരങ്ങളും ബഹുമാനിക്കപ്പെടേണ്ടതു തന്നെയാണ്.

ക്ഷേത്രത്തിന് ഏർപ്പെടുത്തിയിട്ടുള്ള സുരക്ഷ പര്യാപ്തമല്ല എന്നാണ് വിദഗ്ദ്ധ സമിതിയുടെ ഇടക്കാല റിപ്പോർട്ടിൽ. ഈ കാര്യങ്ങളിൽ വിദഗ്ദ്ധ സമിതി തീരുമാനമെടുക്കും.

രാജകുടുംബത്തിനെതിരെ വി. എസ്. അച്യുതാനന്ദൻ നടത്തിയ പരാമർശം കോടതിയലക്ഷ്യമാണെന്ന് രാജകുടുംബത്തിനു വേണ്ടി ഹാജരായ മുതിർന്ന അഭിഭാഷകൻ കെ.കെ. വേണുഗോപാൽ വാദിച്ചു. എന്നാൽ ഇതിന് രാജകുടുംബം തന്നെയാണ് ഉത്തരവാദിയെന്ന് കോടതി മറുപടി പറഞ്ഞു. ഇടയ്ക്കിടെ നിലപാടു മാറ്റുന്നത് പുറത്തുള്ളവർക്ക് അഭിപ്രായം പറയാൻ അവസരമൊരുക്കുകയാണ്.

കേസ് സംബന്ധിച്ച് പലരുടെയും അഭിപ്രായം കേൾക്കേണ്ടിവരുന്നുണ്ടെന്നും പ്രായാധിക്യമുള്ള രാജാവ് ഇതിന്റെ സമ്മർദ്ദം നേരിടുന്നുണ്ടെന്നും വേണുഗോപാൽ ബോധിപ്പിച്ചു. എങ്കിൽ ബദൽ മാർഗമുണ്ടാക്കണമെന്നും യോഗ്യരായ ആളുകളിൽ നിന്ന് അഭിപ്രായം രൂപീകരിച്ച ശേഷം അറിയിക്കാവുന്നതാണെന്നും കോടതി നിർദ്ദേശിച്ചു. 12ന് കേസ് വീണ്ടും പരിഗണിക്കുമ്പോൾ അവസാന നിലപാട് അറിയിക്കണം.

കേസ് നടത്തിപ്പിന് വിദഗ്ദ്ധ സമിതി ആവശ്യപ്പെട്ട ഒരു കോടി രൂപ സർക്കാർ നൽകണമെന്ന് കോടതി നിർദ്ദേശിച്ചു. എന്നാൽ മൊത്തം പണമായി നൽകേണ്ടതില്ല. പകരം ചെലവുകൾ സർക്കാർ നിർവഹിച്ചാൽ മതി. കേസിൽ കക്ഷി ചേരാൻ കേരള യുക്തിവാദി സംഘം, എട്ടര യോഗം എന്നിവർ നൽകിയ ഹർജി കോടതി തള്ളി. കേസ് തീർപ്പാക്കും മുൻപ് എല്ലാവരുടെയും അഭിപ്രായം കേൾക്കുമെന്നും കോടതി വ്യക്തമാക്കി. മൂലംതിരുനാൾ രാമവർമ്മയ്ക്കു വേണ്ടി മുതിർന്ന അഭിഭാഷകൻ പി.പി. റാവു, അന്തരിച്ച ടി.പി. സുന്ദരരാജിനു വേണ്ടി അഡ്വ. കെ.പി.എസ്. മേനോൻ, സർക്കാരിനു വേണ്ടി സ്റ്റാൻഡിംഗ് കൗൺസൽ ലിസ് മാത്യു തുടങ്ങിയവർ ഹാജരായി.

രാഷ്ട്രപതിക്ക് ഫാക്സ് ചെയ്ത രാജിക്കത്ത് ചീറ്റി

ജസ്റ്റിസ് സെന്നിന്റെ ഇംപീച്ച്മെന്റ് തുടരും

- ജഡ്ജി രാജിക്കത്ത് സ്വന്തം കൈപ്പടയിൽ എഴുതി ഒപ്പിട്ടു നൽകണം
- രാജിയുടെ ഫാക്സ് പകർപ്പിനോട് രാഷ്ട്രപതി വിയോജിച്ചു

ന്യൂഡൽഹി: ഇംപീച്ച്മെന്റിലൂടെ പുറത്താകുന്ന രാജ്യത്തെ ആദ്യ ജഡ്ജി എന്ന അപമാനം ഒഴിവാക്കാൻ രാജി സമർപ്പിച്ച കൊൽക്കത്ത ഹൈക്കോടതി ജസ്റ്റിസ് സൗമിത്ര സെന്നിനെതിരെ ഇംപീച്ച്മെന്റ് നടപടികൾ തുടരാൻ ഗവൺമെന്റിന് നിയമോപദേശം ലഭിച്ചു.

ജഡ്ജിമാർ രാജിവയ്ക്കുന്നതിനുള്ള നടപടിക്രമം പാലിക്കാതെ സൗമിത്ര സെൻ ഫാക്സ് വഴി അയച്ച രാജിക്കത്ത് രാഷ്ട്രപതി പ്രതിഭാപാട്ടീൽ നീതിന്യായ വകുപ്പിന്റെ പരിശോധനയ്ക്ക് വിടുകയായിരുന്നു. കീഴ്വഴക്കം പാലിക്കാത്ത രാജിക്കത്ത് കണക്കിലെടുക്കാതെ ഇംപീച്ച്മെന്റ് നടപടികൾ തുടരാൻ നീതിന്യായ വകുപ്പ് ശുപാർശ ചെയ്യുകയായിരുന്നു.

ജഡ്ജിമാർ സ്വന്തം കൈപ്പടയിൽ എഴുതി ഒപ്പിട്ടാണ് രാഷ്ട്രപതിക്ക് രാജിക്കത്ത് സമർപ്പിക്കേണ്ടത്. സൗമിത്ര സെന്നിന്റെ രാജിക്കത്തിന്റെ ഫാക്സ് പകർപ്പ് സ്വീകാര്യമല്ലെന്നും ഒറിജിനൽ തന്നെ വേണമെന്നുമുള്ള കുറിപ്പ് സഹിതമാണ് രാഷ്ട്രപതി അത് നീതിന്യായ വകുപ്പിന് വിട്ടത്.

അതേസമയം, എഴുതി ഒപ്പുവച്ച രാജിക്കത്തുകൾ രാഷ്ട്രപതിക്കും ലോക്സഭാ സ്പീക്കർക്കും കൊറിയർ വഴി അയച്ചിട്ടുണ്ടെന്ന് സൗമിത്ര സെന്നിന്റെ അഭിഭാഷകൻ ഇന്നലെ കൊൽക്കത്തയിൽ പറഞ്ഞു.

തന്റെ സത്യസന്ധതയെ ഇതുവരെ ആരും ചോദ്യം ചെയ്തിട്ടില്ലെന്നും ഇപ്പോഴും തനിക്കെതിരെ ഒരാരോപണവും ഇല്ലെന്നും ഒരു അഴിമതിയിലും താൻ കുറ്റക്കാരനല്ലെന്നും സൗമിത്ര സെൻ രാജിക്കത്തിൽ പറഞ്ഞിട്ടുണ്ടെന്നാണ് അറിയുന്നത്.

സെന്നിനെ ഇംപീച്ച് ചെയ്യാനുള്ള പ്രമേയം രാജ്യസഭ വൻ ഭൂരിപക്ഷത്തോടെ അംഗീകരിച്ചിരുന്നു. പ്രമേയം അടുത്ത ബുധനാഴ്ച ലോക്സഭ പരിഗണിക്കാനിരിക്കെയാണ് അദ്ദേഹത്തിന്റെ രാജി. രാജിവച്ച സ്ഥിതിക്ക് ഇംപീച്ച്മെന്റ് നടപടികൾ തുടരണോ എന്ന് നിയമവൃത്തങ്ങളിൽ ചർച്ച ഉയർന്നിരുന്നു.

പക്ഷേ, ഒരു ജഡ്ജിയെ ഇംപീച്ച് ചെയ്യാനുള്ള നടപടിക്രമങ്ങൾ പാർലമെന്റിന്റെ ഇരുസഭകളും ഒരേ സമ്മേളനത്തിൽ തന്നെ പൂർത്തിയാക്കേണ്ടതുണ്ടെന്ന് നിയമ വിദഗ്ദ്ധരിൽ ഒരു വിഭാഗം പറയുന്നു.

1983-ൽ കൊൽക്കത്തയിൽ അഭിഭാഷകനായിരിക്കെ ഒരു കേസിൽ കോടതി നിയമിച്ച റിസീവർ എന്ന നിലയിൽ തന്റെ അധീനതയിലുണ്ടായിരുന്ന 33.23 ലക്ഷം രൂപ ദുരുപയോഗം ചെയ്തു എന്നും കോടതി മുൻപാകെ വസ്തുതകൾ വളച്ചൊടിച്ചു എന്നുമാണ് സൗമിത്ര സെന്നിനെതിരെയുള്ള കുറ്റം.

സ്വർണം

8 ഗ്രാം 20,720
ഒരു ഗ്രാം 2590

കാലാവസ്ഥ

മഴയ്ക്ക് സാധ്യത
30.5° 23.6°

വിനിമയം

ഡോളർ	45.10	45.63
പൗണ്ട്	72.70	73.67
ദിർഹം	11.91	
കുവൈറ്റ്ദിനാർ	149.91	

തലവര

മുഖ്യമന്ത്രിയുടെ ഓഫീസിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കാൾ സെന്റർ തുടങ്ങി

...യുവർ കാൾ ഇൻ വെയ്റ്റിംഗ്...

നാളെ 15-ാം ചരമദിനം (04.09.2011)

എസ്. സത്യപ്രകാശൻ (64)

(റിട്ട. കൃഷിവകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ)

'ശ്രീപ്രഭ' - വാത്തുവിളാകം, വലിയകട, ചിറയിൻകീഴ്.

മാന്യരേ,

എന്റെ അഭിവന്ദ്യഭർത്താവും, ഒടുക്കത്തു വീട്ടിൽ പരേതനായ ശ്രീ. കെ. ശ്രീധരൻ അവർകളുടെയും ശ്രീമതി കെ. സുപ്രഭയുടെയും മകനുമായ എസ്. സത്യപ്രകാശൻ ആഗസ്റ്റ് 21-ന് നിര്യാതനായി. ഞങ്ങളുടെ ദുഃഖത്തിൽ പങ്കുചേർന്ന എല്ലാപേർക്കും നന്ദി.

മരണാനന്തരചടങ്ങുകൾ 2011 സെപ്തംബർ 3,4 തീയതികളിൽ നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. എല്ലാ ബന്ധുമിത്രാദികളും ഇത് ഒരറിയിപ്പായി കരുതി 4-ാം തീയതി ഞായറാഴ്ച രാവിലെ 9 മണിക്ക് ഞങ്ങളുടെ വസതിയിൽ വന്നുചേരണമെന്ന് താൽപര്യപ്പെടുന്നു.

എന്ന്,
ദുഃഖിതയായ ഭാര്യ : കെ.എം. പ്രഭ
(റിട്ട. ചീഫ് റിസർവേഷൻ സൂപ്പർവൈസർ, സതേൺ റെയിൽവേ, തിരുവനന്തപുരം).
മക്കൾ : ഡിമിൽ എസ്. പ്രകാശ്, ലൈമ സുധീഷ്.
മരുമകൻ : സുധീഷ് സുധാകരൻ.

NB : ചരമ വാർത്ത യഥാസമയം അറിയിക്കുവാൻ വിട്ടുപോയിട്ടുണ്ടെങ്കിൽ ക്ഷമിക്കാൻ അപേക്ഷ.

അച്ചനമ്മമാരോടൊപ്പം ഉറങ്ങിക്കിടന്ന

കൈക്കുഞ്ഞിനെ തട്ടിയെടുത്ത് സ്വർണം കവർന്നു കുഴിയിൽ തള്ളി

നെടുമങ്ങാട്: അച്ചനമ്മമാരോടൊപ്പം ഉറങ്ങിക്കിടന്ന മൂന്നു മാസം പ്രായമുള്ള കുഞ്ഞിനെ തട്ടിയെടുത്ത മോഷ്ടാക്കൾ സ്വർണാഭരണങ്ങൾ കവർന്നശേഷം വീട്ടുവളപ്പിലെ തെങ്ങിൻകുഴിയിൽ ഉപേക്ഷിച്ചു കടന്നു.

നെടുമങ്ങാട് ചന്തവിള ഈശ്വരിഭവനിൽ കൃഷ്ണകുമാർ-ഗീത ദമ്പതികളുടെ ഏകമകൾ ഗൗരികൃഷ്ണയെന്ന അമ്മുവിനെയാണ് മോഷ്ടാക്കൾ നിഷ്കരുണം തെങ്ങുംകുഴിയിൽ തള്ളിയത്. വെള്ളിയാഴ്ച പുലർച്ചെ രണ്ടു മണിയോടെയാണ് സംഭവം. ഇതുമായി ബന്ധപ്പെട്ട് പരിസരവാസിയായ ഒരു യുവാവിനെ പൊലീസ് കസ്റ്റഡിയിലെടുത്ത് ചോദ്യം ചെയ്ത് വിട്ടയച്ചു.

മാലയും അരഞ്ഞാണവും കൊലുസുമടക്കം രണ്ടു പവൻ മോഷ്ടിച്ചു. വള ഊരാൻ ശ്രമിക്കുന്നതിനിടെ കുഞ്ഞ് കരഞ്ഞു. ഇതോടെ കുട്ടിയെയും എടുത്ത് ഓടിയ മോഷ്ടാക്കൾ വള ഊരിയെടുത്ത് കുട്ടിയെ തെങ്ങിൻകുഴിയിൽ ഇട്ടശേഷം ഓടി.

കരച്ചിൽ കേട്ട് വീട്ടുകാർ പെട്ടെന്ന് ഉണർന്നെണീറ്റ് തെരച്ചിൽ നടത്തിയതിനാൽ കുഞ്ഞിന്റെ ജീവൻ രക്ഷിക്കാനായി.

വീട്ടിൽ നിന്നും 20 മീറ്ററോളം മാറിയാണ് കുഞ്ഞിനെ കണ്ടെത്തിയത്. ഗീതയുടെ മൊബൈൽ ഫോണും പേഴ്സും കവർന്നെങ്കിലും മൊബൈൽ ഫോൺ പിന്നീട് ഒരു കിലോമീറ്റർ മാറി പറണ്ടോട് എന്ന സ്ഥലത്തു നിന്നു പൊലീസ് കണ്ടെത്തി.

വീടിന്റെ പിൻഭാഗത്തെ വാതിൽപൊളിച്ചാണ് മോഷ്ടാക്കൾ അകത്തു കയറിയത്. വീടിന്റെ പൂട്ടു തകർക്കാൻ ഉപയോഗിച്ച പ്ലെയർ, സ്ക്രൂഡ്രൈവർ മുതലായവയും മോഷ്ടാവിന്റേതെന്നു കരുതുന്ന ചെരുപ്പും വീടിനു പിറകിലെ മതിലിന്റെ മുകളിൽ നിന്ന് കണ്ടെടുത്തു. റൂറൽ എസ്.പി കെ. അക്ബർ, ഡിവൈ.എസ്.പി മുഹമ്മദ് ഷാഫി, നെടുമങ്ങാട് സി.ഐ ആർ. വിജയൻ, എസ്.ഐ ബിനുകുമാർ എന്നിവരടങ്ങിയ പൊലീസ് സംഘം സ്ഥലത്തെത്തി വിശദമായ തെളിവെടുപ്പു നടത്തി.

വിരലടയാള വിദഗ്ദ്ധരുടെയും ഡോഗ്സ്ക്വാഡിന്റെയും സഹായവും തേടി. മൊബൈൽഫോൺ കണ്ടെത്തിയ പറണ്ടോട് വരെ പൊലീസ്നായ മണത്തു നടന്നു. ശാസ്ത്രീയ പരിശോധനകൾ കൂടി കഴിഞ്ഞാലേ എന്തെങ്കിലും പറയാനാകൂ എന്ന് പൊലീസ് പറഞ്ഞു.

ഗൗരികൃഷ്ണ അച്ഛൻ കൃഷ്ണകുമാറിനോടും അമ്മ ഗീതയോടുമൊപ്പം

31-ാം ചരമവാർഷികം
03-09-2011

എൻ. ജി. ചെല്ലൻ

ബിനോയ്
മാർബിൾസ് & ഗ്രാനൈറ്റ്സ്
അമ്പലമുക്ക് | പള്ളിപ്പുറം | കോഴിക്കോട് | കണ്ണൂർ